പഠനഷീറ്റ് 3

# യേശു മനുഷ്യനു വേണ്ട പുതിയ വഴി ആണോ?

**I. പഴയതും പുതിയതുമായ വഴികൾ ഒന്നുതന്നെയാണോ?**

1. പഴയനിയമത്തിൻ കീഴിൽ പുരോഹിതന്മാർ മൃഗങ്ങളുടെ ———— പ്രായശ്ചിത്തമായി അർപ്പിക്കും. ലേവ്യാ. 4:30, 31
2. അതു വെറുമൊരു ———— ആയിരുന്നു (എബ്രാ. 10:1) അതിനു ———— നീക്കം ചെയ്യുവാൻ കഴിഞ്ഞില്ല. എബ്രാ. 10:4
3. പുതിയ നിയമപ്രായശ്ചിത്തം യേശുവിന്റെ ———— ആണ്. എബ്രാ. 10:19, 20
4. യേശുവിന്റെ ———— മുഖാന്തരം പുതിയ നിയമം പ്രാബല്യത്തിൽ വന്നു (എബ്രാ. 9:16, 17). അക്കാരണത്താൽ പ്രസംഗം തുടങ്ങേണ്ടതു യേശുവിന്റെ ———— ആണ്. ലൂക്കൊ. 24:46, 47

**II. പുതിയ നിയമ വഴി ഉപദേശിക്കേണ്ടതിനു എന്ത് ഒരുക്കമാണ് നടത്തിയത്?**

1. യഹോവയുടെ വചനം ———— നിന്നു പുറപ്പെടണം എന്നു ദൈവം പറഞ്ഞിരുന്നു. യെശ. 2:3
2. ആത്മാവു ———— അപ്പൊസ്തലന്മാരിൽ വരികയും അവർ ആദ്യം ———— ലും പിന്നെ യഹൂദ്യ, ശമര്യ, ഭൂമിയുടെ അറ്റത്തോളവും സാക്ഷികൾ ആകേണം. പ്രവൃത്തികൾ 1:8
3. ആത്മാവു വരുമ്പോൾ, അവൻ അവരെ ———— ഓർപ്പിക്കുകയും ———— യേശു പഠിപ്പിച്ചതു (യോഹന്നാൻ 14:26) അവരെ ———— ഉപദേശിക്കും. യോഹന്നാൻ 16:13
4. യെരുശലേമിൽ (പ്രവൃത്തികൾ 2:5) പെന്തെക്കൊസ്തുനാളിൽ അവർ ———— നിറയും ———— (പ്രവൃത്തികൾ 2:4) യേശുവിന്റെ സാക്ഷികൾ ആകുവാൻ തുടങ്ങി. പ്രവൃത്തികൾ 2:22

**III. യെരുശലേമിൽ പ്രസംഗിച്ചു തുടങ്ങിയതു തന്നെയാണോ പാപങ്ങളുടെ മോചനത്തിനായി ചെയ്യേണ്ടത്?**


1. വിശ്വസിച്ചവരോടു പത്രൊസ് ———— പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ ———— എന്നു പറഞ്ഞു. പ്രവൃത്തികൾ 2:36–38
2. യെരുശലേമിൽ പ്രസംഗിച്ച സന്ദേശം തന്നെയാണ് ———— ദേശക്കാർക്കും ഉള്ളത്. ലൂക്കൊ. 24:47

**IV. ഇതു ഉപദേശിച്ചപ്പോൾ ജനങ്ങൾ എങ്ങനെ പ്രതികരിച്ചു? (പ്രവൃത്തികളുടെ പുസ്തകത്തിലെ വാക്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.)**

1. 2:41 – യെരുശലേം ______
2. 8:12 – ശമര്യ ______
3. 8:36–39 – ഐത്യോപ്യൻ ______
4. 9:18 – പൗലൊസ് ______
5. 10:48 – കൊർന്നെല്യോസ് ______
6. 16:33 – കാരാഗൃഹപ്രമാണി ______
7. 18:8 – കൊരിന്തിൽ ______
8. 19:5 – എഫെസൊസ് ______

**V. അവരുടെ സ്നാനത്തെ തുടർന്നു എന്തുണ്ടായി?**

1. അവർ ജീവന്റെ ______ നടക്കണമായിരുന്നു. റോമ. 6:4
2. അവരുടെ പാപങ്ങൾ ______ (പ്രവൃത്തികൾ 2:38) യും ______. പ്പെടുകയും ചെയ്തു. 22:16
3. അവർ ______ പ്പെട്ടു. മർക്കൊ. 16:15, 16




**പകർപ്പവകാശം 1992 – ഗോസ്പെൽ ലൈറ്റ് പബ്ളിഷിങ് കമ്പനി.,ഡിലൈറ്റ്, ഏആർ 71940.**

പഠനഷീറ്റ് അവതരണം:

3

# "യേശു മനുഷ്യനു വേണ്ട പുതിയ വഴി ആണോ?"

"യേശു മനുഷ്യനു വേണ്ട പുതിയ വഴി ആണോ?" എന്ന പഠന ഷീറ്റ് ഒന്നാമത്തെ പഠനത്തിനോ, അല്ലെങ്കിൽ "പാപത്തിന്റേയും മരണത്തിന്റേയും ഉറവിടം എന്ത്?" (പാഠം 1) എന്നതിനു ശേഷമോ അല്ലെങ്കിൽ "ദൈവത്തിന്റെ പദ്ധതി എന്ത്?" (പാഠം 2) എന്നതിനുശേഷമോ ഉപയോഗിക്കാം. "ദൈവത്തിന്റെ പദ്ധതി എന്ത്?" എന്നതിനുശേഷം പഠിക്കുന്നതായിരിക്കും ഏറ്റവും ഉചിതം.

**ഉദ്ദേശം**

"യേശു തന്നെ വഴി" എന്ന ഷീറ്റിന്റെ ഉദ്ദേശം മനുഷ്യന്റെ പാപമോചനത്തിനു അടിസ്ഥാനപരമായി മനുഷ്യനു വേണ്ടതു യേശുവിന്റെ രക്തമാണ്, അതു യെരുശലേമിൽ പ്രസംഗിച്ചു തുടങ്ങി. യെരുശലേമിൽ പ്രസംഗിച്ച പാപമോചന നിബന്ധനകൾ എല്ലാ ദേശക്കാർക്കും ഉള്ളതാണ്.

**പാഠം ചുരുക്കത്തിൽ**

ഈ പഠനഷീറ്റിൽ മൃഗയാഗങ്ങൾ, വാസ്തവത്തിലുള്ള യാഗത്തിന്റെ നിഴലായിരുന്നു എന്നും, അതിനാൽ പാപങ്ങൾ മോചിക്കപ്പെട്ടില്ല എന്നും, യേശുവിന്റെ രക്തം പാപമോചനത്തിനു പുതിയതും ഫലപ്രദവുമായ ഒരു വഴി ഒരുക്കിയെന്നും കാണിക്കുന്നു. മതിയായ ഒരുക്കത്തോടെ, യെരുശലേമിൽ *പുതിയ വഴി* പ്രസംഗിച്ചു തുടങ്ങി, പിന്നെ ലോകത്തിന്റെ നാനാഭാഗത്തേക്കും വ്യാപിപ്പിച്ചു. യെരുശലേമിൽ പ്രസംഗിച്ച പാപമോചന നിബന്ധനകൾ, പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളവ തന്നെയാണ് ശേഷിച്ച ലോകത്തുള്ള എല്ലാവരും നിറവേറ്റേണ്ടത്. പ്രവൃത്തികളുടെ പുസ്തകത്തിലെ പ്രതികരണങ്ങൾ എല്ലാം ഒന്നു തന്നെ, അതുകൊണ്ടു എല്ലാവരോടും പാപമോചനത്തിനായുള്ള ഒരേ നിബന്ധനകൾ തന്നെ പ്രസംഗിച്ചിരിക്കും.

**മുഖവുര**

ന്യായപ്രമാണത്തിൽ കരുണ ലഭിച്ചിരുന്നില്ല എന്നു നാം കഴിഞ്ഞ പാഠത്തിൽ കണ്ടു. അതിനു കരുണയും, കൃപയും, നീതിയും തരുവാൻ കഴിയുമായിരുന്നെങ്കിൽ, യേശു മരിക്കേണ്ട ആവശ്യം ഇല്ലായിരുന്നു.

*പഴയ*നിയമത്തിൻ കീഴിലുള്ളവർ അറിയാതെ പാപം ചെയ്താൽ എന്തു സംഭവിക്കുമായിരുന്നു എന്നാണ് ഈ പാഠത്തിൽ നാം നോക്കുന്നത്, കൂടാതെ, *പുതിയ* വഴിയായ, പുതിയ നിയമത്തിൽ പാപമോചനത്തിനായി നാം എന്തു ചെയ്യണമെന്നും പഠിക്കും.

## I. പഴയതും പുതിയതും ആയ വഴികൾ

*പഴയ* നിയമത്തിൻകീഴിൽ പാപമോചനത്തിനുള്ള വഴിയും *പുതിയ* നിയമത്തിൽ പാപമോചനത്തിനുള്ള വഴിയും ഒന്നുതന്നെ ആണോ എന്നാണ് നാം ഈ ഭാഗത്ത് പഠിക്കുന്നത്. [ഷീറ്റിന്റെ *പുറകിൽ* ഇടതു വശത്ത് സിനായ് പർവ്വതം വരയ്ക്കുകയും പിന്നെ "പഴയ നിയമം" എന്നു മുകളിൽ എഴുതുകയും ചെയ്യുക.]

1. സാധാരണ ജനങ്ങളുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തമായി പുരോഹിതന്മാർ എന്താണ് ചെയ്തിരുന്നത്? [ലേവ്യാ. 4:30, 31 വായിക്കുക.] മൃഗങ്ങളുടെ *എന്താണ്* പുരോഹിതന്മാർ അർപ്പിച്ചിരുന്നത്? [വിട്ട വരിയിൽ "രക്തം" എന്നെഴുതുക.]

2. മൃഗങ്ങളുടെ രക്തം പാപങ്ങളെ മോചിച്ചോ? [എബ്രാ. 10:1 വായിക്കുക.] മൃഗരക്തം വെറും *എന്തായിരുന്നു*? [വിട്ടവരിയിൽ "നിഴൽ" എന്നെഴുതുക.] നിഴലിനു എന്തെങ്കിലും സത്തയുണ്ടോ? നിങ്ങൾ എന്താണ് ചെയ്യുക, വലിയ ആഴമുള്ള കുഴിയുടെ മുകളിലെ പാലം കടക്കുമോ അതോ അതിന്റെ നിഴൽ കടക്കുമോ? ഒരു നിഴലിനു എന്തു ചെയ്യുവാൻ കഴിയും? യഥാർത്ഥമായ ഒന്നിന്റെ സ്വഭാവത്തെയല്ലേ നിഴൽ സൂചിപ്പിക്കുന്നത്?

[എബ്രാ. 10:4 വായിക്കുക.] മൃഗരക്തത്തിനു *എന്തു* നീക്കം ചെയ്യുവാനാകുകയില്ല? [വിട്ട വരിയിൽ "പാപങ്ങൾ" എന്ന് എഴുതുക.] യാഥാർത്ഥ്യമായതിന്റെ നിഴലായിരുന്നു മൃഗങ്ങളുടെ രക്തം – ആ യാഥാർത്ഥ്യം യേശു ക്രൂശിൽ രക്തം ചിന്തിയത്. [പഠനഷീറ്റിന്റെ *പുറകിൽ* ഒരു ക്രൂശും അതിന്റെ നിഴലും വരയ്ക്കുക. നോക്കുക പേജ് 152.]

3. പാപമോചനത്തിനുള്ള പുതിയ വഴി എന്താണ്? [എബ്രാ. 10:19, 20 വായിക്കുക.] പാപമോചനത്തിനുള്ള പുതിയ വഴി *എന്താണ്*? [വിട്ട വരിയിൽ "രക്തം" എന്നെഴുതുക.]

4. പുതിയവഴി എപ്പോഴാണ് പ്രാബല്യത്തിലായത്? [എബ്രാ. 9:16, 17 വായിക്കുക.] യേശുവിന്റെ *എന്തിനാൽ* പുതിയ വഴി പ്രാബല്യത്തിൽ വന്നു? [വിട്ടവരിയിൽ "മരണം" എന്നെഴുതുക.] യേശുവിന്റെ നാമത്തിലുള്ള പാപമോചനം *എവിടെനിന്നു*മാണ് പ്രസംഗിച്ചു തുടങ്ങേണ്ടിയിരുന്നത്? [ലൂക്കൊ. 24:46, 47 വായിക്കുക. വിട്ട വരിയിൽ "യെരുശലേം" എന്നെഴുതുക.]

ഈ ഭാഗത്തു നാം എന്താണ് പഠിച്ചത്? പഴയ നിയമത്തിലെ പാപമോചനം വെറും നിഴലായിരുന്നു, എന്നാൽ പുതിയ വഴിയായ, *രണ്ടാമത്തെ* നിയമത്തിൻകീഴിലുള്ളവർക്കും, *ഒന്നാമത്തേതി*ലുള്ളവർക്കും പാപമോചനത്തിനുള്ള അടിസ്ഥാനം യേശുവിന്റെ രക്തത്താലാണ് ലഭിക്കുന്നതു എന്നാണ് നാം പഠിച്ചത് (എബ്രാ. 9:15). മൃഗങ്ങളുടെ രക്തം വെറും അടയാളമായിരുന്നു, എന്നാൽ അതു യേശുവിന്റെ രക്തത്താൽ

ഉറപ്പിച്ചു. യേശു ക്രൂശിൽ മരിക്കുന്നതുവരെ അതറിയുവാൻ ദൈവത്തിനു കാത്തിരിക്കേണ്ട ആവശ്യമില്ലായിരുന്നു. ലോകസൃഷ്ടിക്കു മുൻപുതന്നെ യേശുവിന്റെ മരണം ദൈവം മുൻകാണുകയും, പദ്ധതി തയ്യാറാക്കി, മുന്നറിയിക്കുകയും ചെയ്തിരുന്നു (1 പത്രൊ. 1:18-20).

## II. പുതിയ വഴിക്കു വേണ്ട ഒരുക്കം

പരിശുദ്ധാത്മാവിനാൽ നല്കപ്പെട്ടതാണ് പഴയ നിയമം (2 പത്രൊ. 1:19, 20), യേശു ഭൂമിയിലേക്കുവരുന്നതിനു മുൻപു എഴുതപ്പെടുകയും ചെയ്തു, എന്നാൽ അവൻ ക്രൂശിൽ മരിച്ചശേഷവും അവന്റെ ഉപദേശങ്ങൾ ഒന്നും എഴുതപ്പെട്ടിരുന്നില്ല. യേശുവിന്റെ ഉപദേശങ്ങൾ *ഓർമ്മിക്കുവാനുള്ള* ഒരു മാധ്യമവും പുതിയ വഴി പ്രസംഗിച്ചു *തുടങ്ങേണ്ട* സ്ഥലവും നല്കണമായിരുന്നു.

1. ഒരു പട്ടണത്തിൽ യഹോവയുടെ വചനം അന്ത്യ നാളുകളിൽ പുറപ്പെടുമെന്നു ദൈവം വാഗ്ദാനം ചെയ്തിരുന്നു. [യെശ. 2:3 വായിക്കുക.] യഹോവയുടെ വചനം *ഏതു* പട്ടണത്തിൽ നിന്നു പുറപ്പെടണം? [വിട്ടവരിയിൽ "യെരുശലേം" എന്നെഴുതുക.] ഇതു സംഭവിക്കേണ്ടതു "അന്ത്യകാലത്ത്" (യെശ. 2:2). പുതിയ നിയമം അനുസരിച്ചു നാം ഇപ്പോൾ ജീവിക്കുന്നതു അന്ത്യകാലത്താണ് (എബ്രാ. 1:1, 2), യേശു ഉയിർത്തെഴുന്നേറ്റശേഷമുള്ള പെന്തെക്കൊസ്തു നാളിൽ പത്രൊസും ഇതു അന്ത്യകാലമാണെന്നു പറഞ്ഞു (പ്രവൃത്തികൾ 2:1, 14).

2. അപ്പൊസ്തലന്മാരെ അവരുടെ ശുശ്രൂഷക്കു ഒരുക്കുന്നതിനായി പരിശുദ്ധാത്മാവിനെ യേശു വാഗ്ദാനം ചെയ്തു. [പ്രവൃത്തികൾ 1:8 വായിക്കുക.] ആത്മാവു അപ്പൊസ്തലന്മാരിൽ *എങ്ങനെ* വരുമെന്നും അങ്ങനെ അവർ *എവിടെ* സാക്ഷീകരിക്കൽ ആരംഭിക്കും? [വിട്ടവരിയിൽ "ശക്തിയോടെ" എന്നും "യെരുശലേമിൽ" എന്നും എഴുതുക. *പുറകിൽ* യെരുശലേം എന്നെഴുതി, വചനം യെരുശലേമിൽ തുടങ്ങി, യെഹൂദ്യ, ശമര്യ, ഭൂമിയുടെ അറ്റത്തോളവും എന്നെഴുതുക. മുകളിൽ "യേശു" എന്നും പിന്നെ "പരിശുദ്ധാത്മാവു" എന്നും എഴുതുക. നോക്കുക പേജ് 152.]

3. അപ്പൊസ്തലന്മാരെ ആത്മാവു എങ്ങനെ തയ്യാറാക്കും? [യോഹന്നാൻ 14:26 വായിക്കുക.] അവൻ *എത്രത്തോളം* അപ്പൊസ്തലന്മാരെ പഠിപ്പിക്കും, യേശു അവരെ പഠിപ്പിച്ചതിൽ ആത്മാവു അപ്പൊസ്തലന്മാരെ *എത്രത്തോളം* ഓർപ്പിക്കും? [വിട്ടവരിയിൽ "സകലവും" എന്നെഴുതുക.] അവൻ എത്രത്തോളം സത്യം അപ്പൊസ്തലന്മാർക്കു നല്കും? [യോഹന്നാൻ 16:13 വായിക്കുക.] അവൻ *എത്രത്തോളം* സത്യം അവർക്കു നല്കും? [വിട്ടവരിയിൽ "സകലവും" എന്നെഴുതുക.]

[വിദ്യാർത്ഥിക്ക് എന്തെങ്കിലും സംശയം അപ്പൊസ്തലന്മാർക്കു മാത്രമാണോ സകല സത്യവും നല്കിയതെന്നതോ മറ്റോ ഉണ്ടെങ്കിൽ വാഗ്ദാനം ചെയ്തപ്പോൾ അപ്പൊസ്തലന്മാർ *മാത്രമെ* ഉണ്ടായിരുന്നുള്ളൂ എന്നു ബോധ്യമാക്കുക (യോഹന്നാൻ. 13:1-4; മത്താ. 26:20; ലൂക്കൊ. 22:13, 14).]

4. എപ്പോൾ, എവിടെവെച്ചു അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവു വന്നു? [പ്രവൃത്തികൾ 2:4 വായിക്കുക.] അവർ യെരുശലേമിൽ കാത്തി

രുന്നപ്പോൾ (പ്രവൃത്തികൾ 2:5), ആത്മാവിനു വേണ്ടി യേശു കാത്തിരിക്കുവാൻ പറഞ്ഞ സ്ഥലത്ത് (ലൂക്കൊ. 24:49; പ്രവൃത്തികൾ 1:4), *ആരാലാണ്* അവർ നിറയപ്പെട്ടത്? [വിട്ടവരിയിൽ "പരിശുദ്ധാത്മാവിനാൽ" എന്നെഴുതുക.] അവർ പിന്നെ യേശുവിനെ സാക്ഷീകരിക്കുവാൻ തുടങ്ങി (പ്രവൃത്തികൾ 2:22).

[*പുറകിൽ* യേശു അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു, സ്വർഗ്ഗാരോഹണം ചെയ്തതു വരയ്ക്കുക. ഇതിനുമുകളിൽ "പുതിയ നിയമം" എന്നെഴുതുക. നോക്കുക പേജ് 56.] പെസഹാപെരുന്നാൾ കഴിഞ്ഞ് അമ്പതാം ദിവസമായിരുന്നു പെന്തെക്കൊസ്തു പെരുന്നാൾ (ലേവ്യാ. 23:15), അതുകൊണ്ടു, യേശു ഉയിർത്തെഴുന്നേറ്റതു അമ്പതാം നാൾ ആണ്, കാരണം അവൻ ഉയിർത്തെഴുന്നേറ്റതു പെസഹയുടെ അവസാന ദിവസം ആയിരുന്നു. തന്റെ ഉയിർത്തെഴുന്നേല്പിനുശേഷം അവൻ നാല്പതു നാളോളം സ്വർഗ്ഗാരോഹണത്തിനു മുൻപു ഭൂമിയിലായിരുന്നു (പ്രവൃത്തികൾ 1:3). അവൻ സ്വർഗ്ഗാരോഹണം ചെയ്തു പത്തു ദിവസങ്ങൾക്കുശേഷമായിരുന്നു പെന്തെക്കൊസ്തു പെരുന്നാൾ. അതുകൊണ്ടു, ആത്മാവു അപ്പൊസ്തലന്മാരിൽ വന്നതു യേശു സ്വർഗ്ഗത്തിൽ പോയി പത്തു ദിവസങ്ങൾക്കുശേഷമാണ്. [*പുറകിൽ* "40 ദിവസം" എന്നും "10 ദിവസം" എന്നും ഇതു സൂചിപ്പിച്ചു എഴുതുക. നോക്കുക പേജ് 152.]

ഈ ഭാഗത്തു നാം എന്താണ് പഠിച്ചത്? അന്ത്യകാലത്തു യഹോവയുടെ വചനം യെരുശലേമിൽ നിന്നു പുറപ്പെടുവാൻ ദൈവം പ്രവചിക്കുകയും തയ്യാറെടുക്കുകയും ചെയ്തിരുന്നു എന്നാണ് നാം പഠിച്ചത്. ദൈവം തിരുവെഴുത്തുകളിൽ മുന്നറിയിച്ചതുപോലെ രക്ഷ *യെരുശലേമിൽ* പ്രസംഗിച്ചു തുടങ്ങേണ്ടതിനു യേശു അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവിനെ അയച്ചു (ലൂക്കൊ. 24:46, 47). ഇതായിരുന്നു യേശു ഉയിർത്തെഴുന്നേറ്റശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തു നാളിൽ അവർ ചെയ്തതു (പ്രവൃത്തികൾ 2:5, 22).

### III. മോചനം നല്കി

1. യേശുവിന്റെ നാമത്തിൽ *ആദ്യമായി* രക്ഷ പ്രസംഗിച്ചതു പത്രൊസ് ആയിരുന്നു. പഠിപ്പിച്ചതിനു പ്രതികരണമായി പത്രൊസിനോടു ചോദിച്ചവരോടു സിനായ് പർവ്വതത്തിൽ വെച്ചു കേട്ടതനുസരിച്ചായിരുന്നുവെങ്കിൽ അവരോട് എന്തു പറയുമായിരുന്നു? പത്രൊസ് മൃഗയാഗങ്ങൾ അർപ്പിക്കുവാൻ പറയുമായിരുന്നു. യേശു മരണം പൂർത്തിയാക്കിയതോടെ, യേശുവിന്റെ രക്തത്താലുള്ള പുതിയ മോചനവഴിയും തുടങ്ങി. പുതിയ വഴിയിൽ മോചന നിബന്ധനകൾ എന്തെല്ലാമാണ്? [പ്രവൃത്തികൾ 2:38 വായിക്കുക.] യേശുക്രിസ്തുവിന്റെ നാമത്തിൽ *എന്തു* ചെയ്യുവാനാണ് യേശുവിൽ വിശ്വസിച്ചവരോടു പറഞ്ഞത്? [വിട്ട വരികളിൽ "മാനസാന്തരപ്പെട്ടു" എന്നും "സ്നാനം ഏല്ക്കുവാൻ" എന്നും എഴുതുക.]

2. എന്തുകൊണ്ടാണ് പത്രൊസ് അവരോടു മൃഗയാഗങ്ങൾ അർപ്പിക്കുവാൻ ആവശ്യപ്പെടാതിരുന്നത്? യേശു ക്രൂശിൽ മരിച്ചപ്പോൾ പഴയ നിയമത്തെ നീക്കിക്കളഞ്ഞു. യെരുശലേമിൽ തുടങ്ങി, പത്രൊസ് പ്രസം

ഗിച്ചവയാണ് പുതിയ നിയമവഴി. [ലൂക്കൊ. 24:47 വായിക്കുക.] ഈ വേദ ഭാഗത്തിൽ യെരുശലേമിൽ പത്രൊസ് പ്രസംഗിച്ചത് *ആരോടായിരുന്നു?* [വിട്ടവരിയിൽ "എല്ലാവരോടും" എന്നെഴുതുക. *പുറകിൽ* താഴെ "സകല ജാതികളോടും" എന്നും "മാനസാന്തരപ്പെട്ടു പാപങ്ങളുടെ മോചന ത്തിനായി സ്നാനമേല്ക്കൽ" എന്നും എഴുതുക (പ്രവൃത്തികൾ 2:38).]

ഈ ഭാഗത്ത് നാം എന്താണ് പഠിച്ചത്? പുതിയ വഴിയിൽ യേശു വിൽ വിശ്വസിക്കുന്നവർ മാനസാന്തരപ്പെട്ടു സ്നാനമേറ്റാൽ യേശുവിന്റെ രക്തം അവരെ പാപങ്ങളിൽ നിന്നു ശുദ്ധീകരിക്കും എന്നു പഠിച്ചു.

## IV. **പതികരണങ്ങൾ**

ലോകത്തിൽ ശേഷിച്ച ആളുകൾ യെരുശലേമിൽ അവരോടു ഈ സന്ദേശം പ്രസംഗിച്ചപ്പോൾ എങ്ങനെ പ്രതികരിച്ചു? അവരെല്ലാം ഒരേ രീതിയിൽ പ്രതികരിച്ചോ? പ്രവൃത്തികളുടെ പുസ്തകത്തിൽ എല്ലാ സന്ദർഭങ്ങളിലും പാപങ്ങൾ ക്ഷമിക്കപ്പെടേണ്ടതിനു എന്തുചെയ്യണമെന്നു പറയുന്നില്ലെങ്കിലും, ആളുകൾ എങ്ങനെ പ്രതികരിച്ചു എന്നു പറയുന്നു ണ്ട്. ഓരോ സന്ദർഭത്തിലും പാപമോചന നിബന്ധനകൾ ആവർത്തി ക്കേണ്ട ആവശ്യമില്ല കാരണം, യെരുശലേമിൽ തുടങ്ങി, എന്തു പ്രസം ഗിച്ചുവോ, അതാണ് ലോകത്തിൽ ശേഷം ആളുകളോടും പ്രസംഗിച്ചത്. ലോകത്തിൽ ശേഷം ആളുകളോടും പ്രസംഗിച്ചത് എന്തെന്ന് മനസ്സിലാ ക്കുവാൻ, ഒരാൾ ആദ്യം യെരുശലേമിൽ പ്രസംഗിച്ചതു എന്തെന്നു നോക്കിയാൽ മതി.

ഇതു ഒരു വാക്വം ക്ലീനർ കമ്പനിയുടെ മാനേജർ തന്റെ വില്പന ക്കാരെ വിളിച്ചു പ്രത്യേക രീതിയിലുള്ള ആ വാക്വം ക്ലീനർ അതിന്റെ പ്രവർത്തന രീതി കാണിച്ചുകൊടുക്കയും അതു കേരളം മുതൽ ഇന്ത്യ യുടെ എല്ലാ ഭാഗത്തും ആ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള വിലയ്ക്ക് വില്ക്കുവാൻ നിർദ്ദേശം കൊടുക്കുന്നതിനോടു താരതമ്യം ചെയ്യാം. പറ ഞ്ഞയാൾ എന്തുസംഭവിച്ചു എന്നു പറയുന്നതു താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ആകാം:

വില്പനക്കാരൻ കേരളത്തിൽ എങ്ങും പോയി ക്ലീനറിന്റെ ഉപയോഗം കാണിച്ചു കൊടുത്തു. അതിൽ താല്പര്യം തോന്നിയ കേരളത്തിലെ ചിലർ അയാളോടു ചോദിച്ചു, "ഈ വാക്വം ക്ലീനറിനു എന്താണ് വില?" ഇതിനു വില്പനക്കാരൻ പറഞ്ഞു, "ഇതു നിങ്ങൾക്കു 300.00 രൂപക്കു വാങ്ങി ക്കാം." ആ വാക്വം ക്ലീനർ കണ്ടു ഇഷ്ടപ്പെട്ടവർ വാങ്ങി.

പിന്നെ ആ വില്പനക്കാരൻ തമിഴ്നാട്ടിൽ പോയി വാക്വം ക്ലീനർ പ്രദർശിപ്പിച്ചു. അതു കണ്ടു ഇഷ്ടപ്പെട്ടവർ വിലക്കു വാങ്ങി. പിന്നെ അവിടെ നിന്നു ആന്ധ്രയിലേക്കു അയാൾ പോയി, അവിടെ ചെന്നു വാക്വം ക്ലീനർ പ്രദർശിപ്പിച്ചു. അവിടെയും ഇഷ്ടപ്പെട്ടവർ വിലയ്ക്കു വാങ്ങി.

അതിനെ വിവരിക്കുന്ന ആൾ ഓരോ പ്രാവശ്യവും വാക്വം ക്ലീനർ വാങ്ങിയവരോടു അതിന്റെ വില 300.00 രൂപയാണെന്നു പറഞ്ഞു എന്നു വിവരിക്കേണമോ? തീർച്ചയായും ഇല്ല.

അതുപോലെ തന്നെ ലൂക്കൊസും, പ്രവൃത്തികളുടെ പുസ്തകം

എഴുതുമ്പോൾ, ഓരോ പ്രാവശ്യവും പാപമോചനം ആഗ്രഹിച്ചവരോടു മാനസാന്തരപ്പെട്ടു യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്ക്കുവാൻ പറഞ്ഞു എന്നു വിവരിക്കേണ്ട ആവശ്യമില്ല. അതു മനസ്സിലാക്കാവുന്നതേയുള്ളു കാരണം യെരുശലേമിൽ പ്രസംഗിച്ചതുതന്നെയാണ് ലോകത്തിൽ മറ്റെവിടെയും പ്രസംഗിച്ചത്. അവർ സ്നാനത്താൽ പ്രതികരിച്ചു എന്നു പറയുമ്പോൾ, അതു സൂചിപ്പിക്കുന്നതു അവരോടു പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുവാൻ പറഞ്ഞു എന്നു സ്പഷ്ടം.

1–8. ജനങ്ങൾ *എങ്ങനെ* പ്രതികരിച്ചു? [താഴെയുള്ള പ്രവൃത്തിയിലെ വേദഭാഗങ്ങൾ വായിക്കുകയും – 2:41; 8:12; 8:36–39; 9:18; 10:48; 16:33; 18:8; 19:5 – വിട്ടവരിയിൽ "സ്നാനമേല്ക്കുകയും ചെയ്തു" എന്നെഴുതുക.] പ്രതികരണം എല്ലായ്പ്പോഴും സ്ഥിരമായി കാണുന്നതുകൊണ്ടു സന്ദേശവും എല്ലായ്പ്പോഴും സ്ഥിരമായിരിക്കണം. രക്ഷിക്കപ്പെടുവാൻ അവർ എന്തു ചെയ്യണമെന്നു പറഞ്ഞതായി എല്ലായിടത്തും വെളിപ്പെടുത്തിയില്ലെങ്കിലും, പ്രതികരണത്തിലുള്ള സ്ഥിരത സൂചിപ്പിക്കുന്നതു യെരുശലേമിൽ ആളുകളെ ഉപദേശിച്ചതുതന്നെയാണ് വചനം പ്രസംഗിച്ച എല്ലായ്പ്പോഴും, എല്ലാ ജനങ്ങളോടും ഉപദേശിച്ചതു ഒന്നു തന്നെയാണ്.

ഈ ഭാഗത്തു നാം പഠിച്ചതെന്താണ്? വചനം പ്രസംഗിച്ച എല്ലായിടത്തും പ്രതികരണം എല്ലാം ഒരേ രീതിയിൽ ആയിരുന്നു.

### V. സ്നാനശേഷം

1. ഒരാൾ സ്നാനം ഏറ്റശേഷം എന്താണ് പ്രതീക്ഷിക്കുന്നത്? സ്നാനമേറ്റയാൾ എങ്ങനെയുള്ള ജീവിതമാണ് നയിക്കേണ്ടത്? [റോമ. 6:4 വായിക്കുക.] സ്നാനം ഏറ്റ വ്യക്തി *എങ്ങനെയുള്ള* ജീവിതമാണ് നയിക്കേണ്ടത്? [വിട്ടവരിയിൽ "പുതുക്കമുള്ള" എന്നെഴുതുക.]

2. ഒരാൾ എന്തിനാണ് സ്നാനമേല്ക്കേണ്ടത്? [പ്രവൃത്തികൾ 2:38 വായിക്കുക.] വിശ്വാസികളോടു പത്രൊസ് മാനസാന്തരപ്പെട്ടു സ്നാനമേല്ക്കുവാൻ പറഞ്ഞതിന്റെ കാരണ*മെന്ത്*? [വിട്ടവരിയിൽ "പാപമോചനത്തിന്" എന്നെഴുതുക.] പാപങ്ങളെ കഴുകി കളയുവാൻ തർസൊസുകാരനായിരുന്ന ശൗലിനോടു (പിന്നീട് അപ്പൊസ്തലനായ പൗലൊസ് ആയി) എന്തു ചെയ്യുവാനാണ് പറഞ്ഞത്? [പ്രവൃത്തികൾ 22:16 വായിക്കുക.] ശൗലിനോടു എഴുന്നേറ്റു സ്നാനമേൽക്കാൻ പറഞ്ഞാൽ അവന്റെ പാപങ്ങൾക്കു *എന്തു* സംഭവിക്കും എന്നാണ് പറഞ്ഞത്? [വിട്ടവരിയിൽ "കഴുകപ്പെടും" എന്നെഴുതുക.]

3. ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവാനാണ് യേശു അപ്പൊസ്തലന്മാരോടു പറഞ്ഞത്. സുവിശേഷം പ്രസംഗിക്കുമ്പോൾ ആർ രക്ഷിക്കപ്പെടും എന്നാണ് യേശു പറഞ്ഞത്? [മർക്കൊ. 16:15, 16 വായിക്കുക.] സുവിശേഷത്തിൽ വിശ്വസിക്കയും സ്നാനമേല്ക്കുകയും ചെയ്യുന്നവർക്കു *എന്തു* സംഭവിക്കും എന്നാണ് യേശു പറഞ്ഞത്? [വിട്ടവരിയിൽ "രക്ഷിക്കപ്പെടും" എന്നെഴുതുക.]

ഈ ഭാഗത്തു നാം എന്താണ് പഠിച്ചത്? ഒരാൾ സ്നാനമേറ്റാൽ അയാളിൽ നിന്നു പുതിയ ജീവിതം പ്രതീക്ഷിക്കുന്നു എന്നു നാം പഠിച്ചു. യേശു

വിൽ വിശ്വസിച്ചയാൾ, തന്റെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു സ്നാനമേല്ക്കുമ്പോൾ അയാളുടെ പാപങ്ങൾ മോചിക്കുകയും; അയാളുടെ പാപങ്ങൾ കഴുകപ്പെടുകയും; അയാൾ രക്ഷിക്കപ്പെടുകയും ചെയ്യും.

**ചുരുക്കം**

യേശുവാണ് മനുഷ്യന്റെ ഏക രക്ഷാവഴി എന്നു നാം ഈ ഭാഗത്തു പഠിച്ചു. അവന്റെ *പുതിയ* രക്ഷാവഴി *പഴയ* നിയമത്തിലെ, ന്യായപ്രമാണത്തിലെ ആവശ്യകതകൾ അല്ല.

I. *പഴയതും പുതിയതും ആയ വഴികൾ ഒന്നു തന്നെയാണോ?* പഴയനിയമം *നിഴലായിരുന്ന,* മൃഗങ്ങളുടെ രക്തമാണ് ആവശ്യപ്പെട്ടതെങ്കിൽ, പുതിയ വഴിയിൽ *യഥാർത്ഥമായ,* യേശുവിന്റെ രക്തമാണ് നല്കിയത്. ഈ *വഴി* യെരുശലേമിൽ പെന്തെക്കൊസ്തു നാൾ മുതൽ പ്രസംഗിക്കുവാൻ തുടങ്ങി.

II. *പുതിയ വഴി ഉപദേശിക്കുവാൻ എന്തൊരു ഒരുക്കമാണ് നടത്തിയത്?* യഹോവയുടെ വചനം യെരുശലേമിൽ നിന്നു പുറപ്പെടുമെന്നു ദൈവം വാഗ്ദാനം ചെയ്തിരുന്നു, അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവു വന്നപ്പോൾ അതു തുടങ്ങുകയും ചെയ്തു. പെന്തെക്കൊസ്തു നാളിൽ, ആത്മാവിന്റെ സഹായത്താൽ അവരെ സകല സത്യത്തിലും വഴി നടത്തുവാൻ തുടങ്ങി. ആത്മാവു വന്നതോടുകൂടി, അവർ യേശുവിന്റെ നാമത്തിൽ പാപമോചനം പ്രസംഗിക്കുവാൻ അവരെ സജ്ജമാക്കി, ആദ്യം, യെരുശലേമിലും, പിന്നെ ഭൂമിയിൽ എല്ലായിടത്തും അവർ അതു പ്രസംഗിച്ചു.

III. *പാപങ്ങളുടെ മോചനത്തിനു ആവശ്യമായതാണോ അവർ യെരുശലേമിൽ ഉപദേശിച്ചു തുടങ്ങിയത്?* പത്രൊസ് പ്രസംഗിച്ചതു അവർ മാനസാന്തരപ്പെട്ടു പാപങ്ങളുടെ മോചനത്തിനായി യേശുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുവാനാണ്.

IV. *ഇതു പ്രസംഗിച്ചപ്പോൾ, ആളുകൾ എങ്ങനെ പ്രതികരിച്ചു?* അവർ വിശ്വസിച്ചു മാനസാന്തരപ്പെടുകയും (അതു ഒന്നുകിൽ പറയുകയോ അല്ലെങ്കിൽ ചില സന്ദർഭത്തിൽ അന്തർലീനമാക്കുകയോ ചെയ്തിരിക്കുന്നു), സ്നാനമേല്ക്കുകയും ചെയ്തു (അതു മിക്ക സംഭവങ്ങളിൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്).

V. *അവരുടെ സ്നാനശേഷം എന്തായിരുന്നു?* അവൻ ജീവന്റെ പുതുക്കത്തിൽ നടക്കണമെന്നു പ്രതീക്ഷിച്ചു കാരണം അവർ ക്ഷമിക്കപ്പെട്ടവരും, അവരുടെ പാപങ്ങൾ കഴുകപ്പെട്ടവരും, അവർ രക്ഷിക്കപ്പെട്ടവരും ആണ്.

ഇന്നു പത്രൊസ് ഇവിടെ ഉണ്ടെങ്കിൽ പാപങ്ങൾ മോചിച്ചുകിട്ടുവാൻ എന്തു ചെയ്യുവാനായിരിക്കും അവൻ പറയുക? പത്രൊസ് പ്രസംഗിച്ചതു ഉപദേഷ്ടാക്കന്മാർ പ്രസംഗിക്കുന്നതു നിങ്ങൾ കേട്ടിട്ടുണ്ടോ?

[സ്നാനത്തെക്കുറിച്ചു ചോദ്യങ്ങൾ വരികയാണെങ്കിൽ, അടുത്ത പാഠത്തിൽ അതെല്ലാം തികച്ചും വിശദമാക്കും എന്നു ഉറപ്പുകൊടുക്കുക. അടുത്ത പഠനം ഏർപ്പാടു ചെയ്യുക.]



© 2009 Truth for Today